**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ "ഫിനാൻഷ്യൽ ലിറ്ററസി സെന്റർ" ആരംഭിക്കുന്നതിന് സ്ഥലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2131/13/തസ്വഭവ തീയതി, തിരുവനന്തപുരം, 20.08.2013

==================================================================================

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 15.07.2013 തീയതിയിലെ 11707/ജെ.ആർ.വൈ.4/2013/സി.ആർ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബാങ്കുകളിൽ അക്കൗണ്ടുകൾ തുടങ്ങുന്നതിനും ബാങ്കുകളുമായി ബന്ധപ്പെട്ട മറ്റെല്ലാസേവന പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനും ഉതകുന്ന വിധത്തിൽ ഒരു ഫിനാൻഷ്യൽ ലിറ്ററസി സെന്റർ ആരംഭിക്കുന്നതിന് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥലം അനുവദിയ്ക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറ്റം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പുരോഗമിക്കുന്ന വേളയിൽ ഭാവിയിൽ ഉണ്ടാകുന്ന ബാങ്കിംഗ് സേവനങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുവാൻ "ഫിനാൻഷ്യൽ ലിറ്ററസി സെന്റർ" വഴി കഴിയുമെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിനാൻഷ്യൽ ലിറ്ററസി സെന്റർ ആരംഭിക്കുന്നതിന് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥലം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

കെ.പി.ചന്ദ്രപ്രകാശ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, തളിക്കുളം.
3. മാനേജർ, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, റീജയണൽ സോൺ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ